# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER | 17 | 2020 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ്–1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

---

### പതിനെട്ടാം പടിയിൽ സഹായവുമായി പിപിഇ കിറ്റ് ധരിച്ച് പോലീസ് സേനാംഗങ്ങൾ

കോവിഡ് പശ്ചാത്തലത്തിൽ ശബരിമല ദർശനത്തിനെത്തുന്ന തീർഥാടകരിൽ ശാരീരിക ബുദ്ധിമുട്ട് നേരിടുന്നവരെ പതിനെട്ടാം പടിയിൽ സഹായിക്കാൻ പിപിഇ കിറ്റ് ധരിച്ച പോലീസ് സേനാംഗങ്ങളുടെ സേവനം മാതൃകാപരം. പിപിഇ കിറ്റ് ധരിച്ച ഓരോ പോലീസ് സേനാംഗങ്ങൾ വീതം പതിനെട്ടാം പടി തുടങ്ങുന്നിടത്തും, മുകളിലായും സേവനത്തിനുണ്ട്. കൂടാതെ സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി വലിയ നടപ്പന്തൽ ആരംഭിക്കുന്ന ഭാഗത്തും പിപിഇ കിറ്റ് ധരിച്ച ഒരു പോലീസ് ഉദ്യോഗസ്ഥൻ സേവനത്തിനുണ്ട്.

പതിനെട്ടാംപടി കയറുമ്പോൾ ശാരീരിക ബുദ്ധിമുട്ട് നേരിടുന്ന തീർഥാടകരെ പിടിച്ചു കയറ്റുന്നത് ഉൾപ്പെടെയുള്ള സഹായമാണ് പോലീസ് സേനാംഗങ്ങൾ നൽകുന്നത്. ദിവസവും രണ്ടു ഷിഫ്ടിലാണ് പതിനെട്ടാം പടിയിലും വലിയ നടപ്പന്തലിലും പിപിഇ കിറ്റ് ധരിച്ച് മൂന്ന് പോലീസ് ഉദ്യോഗസ്ഥർ സേവനം ചെയ്യുന്നത്.

കഴിഞ്ഞ മണ്ഡലകാലങ്ങളിൽ പതിനെട്ടാം പടിയിൽ ഒരു മിനിറ്റിൽ 60 മുതൽ 90 തീർഥാടകരെ പടി കയറാൻ പോലീസ് സഹായിച്ചിരുന്നു. ഇതിനായി ഒരു ഷിഫ്റ്റിൽ 12 പോലീസുകാരെ നിയോഗിച്ചിരുന്നു. ഇങ്ങനെ മൂന്ന് ഷിഫ്റ്റ് ഉണ്ടായിരുന്നു. ഒരു ഷിഫ്റ്റിലെ ആറ് ഉദ്യോഗസ്ഥർ ഒന്നര

മണിക്കൂർ മാറി മാറി പതിനെട്ടാം പടിയിൽ തീർഥാടകരെ പടി കയറാൻ സഹായിച്ചിരുന്നു. *(പി.ആർ. ശബരി-7)*

## ശബരിമല പ്രസാദം ഇന്ത്യയിൽ എവിടെയും തപാലിൽ ലഭിക്കാൻ സംവിധാനം

ഇന്ത്യയിൽ എവിടെയും ശബരിമല പ്രസാദം തപാലിൽ ലഭിക്കുമെന്ന് എക ്സിക്യൂട്ടീവ് ഓഫീസർ വി.എസ്. രാജേന്ദ്രപ്രസാദ് പറഞ്ഞു. മണ്ഡല-മകരവിള ക്ക് ഉത്സവത്തിന്റെ ഒന്നാം ദിവസം തന്നെ ആയിരം പ്രസാദം പോസ്റ്റൽ വകുപ്പിന് കൈമാറി.

മണ്ഡല, മകരവിളക്ക് തീർഥാടന കാലത്ത് കോവിഡ് കാരണം ശബരിമലയിൽ ദർശനത്തിന് എത്താൻ കഴിയാത്ത ഭക്തർക്ക് വഴിപാട് പ്രസാദങ്ങൾ തപാലിൽ എത്തിക്കാൻ ദേവസ്വം ബോർഡും തപാൽ വകുപ്പും ചേർന്ന് തയാറാക്കിയതാണ് തപാൽ പ്രസാദ വിതരണ പദ്ധതി.

ഇന്ത്യയിൽ എവിടെയുള്ള ഭക്തർക്കും തൊട്ടടുത്ത തപാൽ ഓഫീസ് വഴി പ്രസാദം ബുക്ക് ചെയ്യാം. പണം അടച്ചാൽ മൂന്നു ദിവസത്തിനുള്ളിൽ പ്രസാദം തപാലിൽ വീട്ടിൽ എത്തിക്കുന്ന രീതിയിലാണ് ക്രമീകരണം. അരവണ, ആടിയ ശിഷ്ടം നെയ്യ്, വിഭൂതി പ്രസാദം, മഞ്ഞൾ, കുങ്കുമ പ്രസാദം, അർച്ചന പ്രസാദം എന്നിവയാണ് പ്രസാദ കിറ്റിൽ ഉണ്ടാവുക. 450 രൂപയാണ് വില. ബുക്ക് ചെയ്ത അത്രയും പ്രസാദം പമ്പാ ത്രിവേണി പോസ്റ്റോഫീസിൽ ദേവസ്വം ബോർഡ് എത്തിച്ചു നൽകും. തപാൽ വകുപ്പാണ് പ്രസാദം വിതരണം ചെയ്യുക.

കോവിഡ് കാരണം കർശന നിയന്ത്രണങ്ങളോടെയാണ് തീർഥാടന കാലത്ത് സന്നിധാനത്തേക്ക് പ്രവേശനം. സാധാരണ ദിവസങ്ങളിൽ 1000 പേർ, ശനി, ഞായർ ദിവസങ്ങളിൽ 2000 പേർ, മണ്ഡല പൂജ, മകരവിളക്ക് ദിവസങ്ങളിൽ 5000 പേർ എന്നിങ്ങനെയാണ് പ്രവേശനം. ഭക്തജനങ്ങൾക്ക് ആവശ്യമായ അപ്പം അരവണ, മറ്റു പ്രസാദങ്ങൾ എന്നിവ എല്ലാം വിതരണത്തിന് സജ്ജമാണ്.

ഇത്തവണ ഭക്തർക്ക് നെയ്യഭിഷേകം നടത്തുന്നതിനുള്ള സൗകര്യമില്ല. എന്നാൽ, ആചാരത്തിനു മുടക്കം വരാത്ത രീതിയിൽ ദേവസ്വം ജീവനക്കാർ ഭക്തർ കൊണ്ടുവരുന്ന നെയ്ത്തേങ്ങ വാങ്ങി നെയ്യെടുത്ത് ശ്രീകോവിലിൽ അഭിഷേകം ചെയ്യും. അഭിഷേകം ചെയ്തതിനു ശേഷം നെയ്യ് പ്രത്യേകം ക്രമീകരിച്ച കൗണ്ടറിൽ ആടിയ ശിഷ്ടം നെയ്യായി വിതരണം ചെയ്യുമെന്നും എക്സിക്യൂട്ടീവ് ഓഫീസർ പറഞ്ഞു. *(പി.ആർ. ശബരി-8)*

## സ്വപ്ന സാഫല്യം നേടി പ്രതാപ്

'എങ്ക അപ്പാവുടെ കനവ് നിറവേറിച്ച്, എല്ലാം മുടിഞ്ചത് അയ്യപ്പനാലേ' എന്നു പറഞ്ഞു ശരണം വിളിക്കുമ്പോൾ തമിഴ്നാട് തിരുവില്വാമല സ്വദേശി പ്രതാപിന്റെ കണ്ണുകളിൽ സ്വപ്ന സാഫല്യത്തിന്റെ ആനന്ദാശ്രു. അച്ഛന്റെ ഇരുപത്തിമൂന്നു വർഷം മുൻപുള്ള ആഗ്രഹമാണ് അയ്യപ്പ ദർശനത്തിലൂടെ പ്രതാപ് നിറവേറ്റിയത്. ചൊവ്വാഴ്ച രാവിലെ ഒൻപതോടെയാണ് കൂട്ടുകാര നൊപ്പം പ്രതാപ് സന്നിധാനത്ത് എത്തിയത്.

പ്രതാപ് ജനിച്ചപ്പോൾ അച്ഛൻ ആഗ്രഹിച്ചതാണ് മകനെ അയ്യപ്പദർശനം നടത്തണമെന്ന്. എന്നാൽ, ജന്മനാലുള്ള ബുദ്ധിമുട്ടുമൂലം പ്രതാപിന് അധികം

നടക്കുക പ്രയാസമായിരുന്നതിനാലും വലിയ തിരക്കിനെ ഭയമായിരുന്നതിനാലും ശബരിമല ദർശനം സാധ്യമായിരുന്നില്ല. നാട്ടിലെ പ്രധാന ഗുരുസ്വാമിയായ പ്രതാപിന്റെ അച്ഛൻ ആഗ്രഹം പൂർത്തീകരിക്കുന്നതിനു മുൻപ് മരിച്ചു പോയി. കോവിഡ് കാരണം ശബരിമലയിൽ ആളുകൾക്ക് നിയന്ത്രണം പ്രഖ്യാപിച്ച സാഹചര്യത്തിലാണ് നടക്കില്ലെന്നു വിചാരിച്ച പ്രതാപിന്റെ സ്വപ്നത്തിന് വീണ്ടും ചിറകുമുളച്ചത്. വെർച്ചൽ ക്യൂ ബുക്കിംഗ് തുടങ്ങുന്ന ദിവസം നോക്കി ആദ്യം തന്നെ ദർശനത്തിനുള്ള അനുമതി വാങ്ങി. അച്ഛന്റെ ആഗ്രഹവും തന്റെ ഏറെക്കാലത്തെ സ്വപ്നവും പൂർത്തീകരിച്ച് അയ്യപ്പന് നന്ദി പറഞ്ഞ് കൂട്ടുകാരനൊപ്പം പ്രതാപ് സന്നിധാനത്തുനിന്നും മനംനിറഞ്ഞ് മടങ്ങി.

***(പി.ആർ. ശബരി-9)***

**ഫോട്ടോ അടിക്കുറിപ്പ്- പോലീസ് പിപിഇ-**

കോവിഡ് പശ്ചാത്തലത്തിൽ ശബരിമല ദർശനത്തിനെത്തുന്ന തീർഥാടകരിൽ ശാരീരിക ബുദ്ധിമുട്ട് നേരിടുന്നവരെ സഹായിക്കുന്നതിന് പിപിഇ കിറ്റ് ധരിച്ച് പതിനെട്ടാം പടിയിൽ സേവനം ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥൻ.

**ഫോട്ടോ അടിക്കുറിപ്പ്- എക്സിക്യൂട്ടീവ് ഓഫീസർ-**

ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ വി.എസ്. രാജേന്ദ്രപ്രസാദ്.

**ഫോട്ടോ അടിക്കുറിപ്പ്- പ്രതാപ്-**

തമിഴ്നാട് തിരുവില്വാമല സ്വദേശി പ്രതാപ് ശബരിമല പതിനെട്ടാംപടി കയറി വരുന്നു.

**ഫോട്ടോ അടിക്കുറിപ്പ്-ദർശനം-**

ശബരിമല സന്നിധാനത്ത് ദർശനം നടത്തുന്നവർ.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ / NOVEMBER | 17 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്–2



ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co


## ശബരിമല തീർഥാടനം: കോവിഡ് പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പ് നൽകുന്ന നിർദേശങ്ങൾ പാലിക്കണം

ശബരിമല ദർശനത്തിനെത്തുന്ന തീർഥാടകർ, വിവിധ ജീവക്കാർ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ കോവിഡ് വ്യാപനം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് നൽകുന്ന നിർദേശങ്ങൾ കർശനമായി പാലിക്കണം. മലയറുന്നവർ 24 മണിക്കൂറിനുള്ളിലുള്ള കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് കൈയിൽ കരുതണം. മലകയറുന്നവർക്കായി നിലയ്ക്കലിൽ ആരോഗ്യ വകുപ്പിന്റെയും ഡി.ഡി.ആർ.സിയുടെയും കോവിഡ് റാപ്പിഡ് ആന്റിജൻ പരിശോധനാ കേന്ദ്രങ്ങളുണ്ട്. ഇവിടെ 625 രൂപ അടച്ച് തീർഥാടകർക്ക് കോവിഡ് പരിശോധന നടത്താം.

രാത്രി 12 മുതൽ പുലർച്ചെ നാലു വരെയും ഉച്ചക്ക് ഒന്നു മുതൽ വൈകിട്ട് അഞ്ചു വരെയും ഇവിടെ പരിശോധനാ സൗകര്യം ലഭ്യമാണ്. തിരുവല്ല പ്രൈവറ്റ് ബസ് സ്റ്റാൻഡിലും, തിരുവല്ല കെ.എസ്.ആർ.ടി.സിക്ക് എതിർവശമുള്ള സ്ഥലത്തും കോവിഡ് പരിശോധനയ്ക്കുള്ള സ്റ്റെപ്പ് കിയോസ്ക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ജില്ലയിൽ പന്തളം, കോഴഞ്ചേരി, മല്ലപ്പള്ളി ഉൾപ്പെടെ 15 സ്റ്റെപ്പ് കിയോസ്ക്കുകൾ ഉടൻ പ്രവർത്തനം ആരംഭിക്കും. ഇവിടെ പണം അടച്ച് കോവിഡ് പരിശോധന നടത്താം.

ശബരിമലയിലേക്ക് എത്തുന്നവർ ശാരിക അകലം, മാസ്ക്ക്, സാനിറ്റൈസർ ഉപയോഗം എന്നിവ ഉറപ്പുവരുത്തണം.  ശാരീരിക അകലം പാലിക്കുകയും

ഇടയ്ക്കിടെ സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ ശുചീകരിക്കുകയും വേണം. മലകയറുമ്പോൾ ശ്വാസതടസം നേരിടുന്നവർക്ക് ഈ സമയം മാസ്ക്ക് ഉപയോഗം കുറയ്ക്കാം. മുഖത്ത് ആവശ്യമില്ലാതെ സ്പർശിക്കരുത്.
ശബരിമല ദർശനത്തിന് 24 മണിക്കൂറിനകമുള്ള റാപ്പിഡ് ആന്റിജൻ പരിശോധനാഫലം മതിയാകും. എന്നാൽ, റാപ്പിഡ് ആന്റിജൻ പരിശോധനയിലൂടെ കോവിഡ് രോഗമുള്ള മുഴുവൻ ആളുകളെയും കണ്ടെത്താൻ കഴിയില്ല. ആന്റിജൻ ടെസ്റ്റ് നെഗറ്റീവായതുകൊണ്ട് അസുഖം ഇല്ല എന്ന് അർഥമില്ല. ആന്റിജൻ ടെസ്റ്റ് നെഗറ്റീവായാലും രോഗവാഹകർ ആയേക്കാം. ഈ പശ്ചാത്തലത്തിൽ ആന്റിജൻ ടെസ്റ്റ് നെഗറ്റീവ് ആണ് എന്ന് കരുതി കോവിഡ് പ്രോട്ടോകോളിൽ അലംഭാവം കാട്ടാൻ പാടില്ല.

മലകയറാൻ വരുന്നവർ പനി, ചുമ, ജലദോഷം, ശ്വാസം മുട്ടൽ തുടങ്ങിയ രോഗലക്ഷണങ്ങൾ കാട്ടിയാൽ ആൾകൂട്ടവുമായി ഇടപഴകാതെ ഉടൻ ആരോഗ്യ വകുപ്പിന്റെ സഹായം തേടണം. കോവിഡ് വന്നുപോയ ആളുകളിൽ പോസ്റ്റ് കോവിഡ് സിൻഡ്രോം എന്ന സ്ഥിതി ഉണ്ടാകാനിടയുണ്ട്. കോവിഡ് രോഗത്തിന് ശേഷം ഉണ്ടാകുന്ന മറ്റ് ആരോഗ്യ പ്രശ്നങ്ങളാണിത്. ഇത് ചില ആളുകളിൽ ഗുരുതരമാകാറുണ്ട്. ഇത്തരം ആളുകളിൽ ഹൃദയാഘാതം, പക്ഷാഘാതം, വിവിധ തരത്തിലുള്ള ശ്വാസകോശ രോഗങ്ങൾ ഉണ്ടാകാൻ ഇടയുണ്ട്. ഇത് സാധാരണ ഗതിയിൽ പ്രത്യക്ഷമാകില്ലെങ്കിലും മലകയറുമ്പോൾ ഇത്തരം ആരോഗ്യ പ്രശ്നങ്ങൾ കൂടുതലായിട്ട് റിപ്പോർട്ട് ചെയ്യാനുള്ള സാധ്യതയുണ്ട്.

കോവിഡ് വന്ന്പോയ ആൾക്ക് ശ്വാസംമുട്ടലോ, ഹൃദയാഘാതമോ ഉണ്ടാകാൻ സാധ്യത കൂടുതലാണ്. അക്കാര്യം മനസിലാക്കി വളരെ സാവധാനത്തിൽ മലകയറുക എന്നുള്ളത് പ്രധാനമാണ്. മലകയറുമ്പോൾ എന്തെങ്കിലും ബുദ്ധിമുട്ട് നേരിട്ടാൽ നിശ്ചിത ഇടവേളകളിലായി ആരോഗ്യ വകുപ്പ് സജ്ജീകരിച്ചിരിക്കുന്ന എമർജൻസി മെഡിക്കൽ സെന്ററുകൾ അടിയന്തിരമായി ഉപയോഗിക്കണം. എമർജൻസി മെഡിക്കൽ സെന്ററുകളിൽ ഫസ്റ്റ് എയിഡ് ചികിൽസയ്ക്കും തുടർ ചികിൽസയ്ക്കുമുള്ള സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. ഒരു കാരണവശാലും എന്തെങ്കിലും ശാരീരിക ബുദ്ധിമുട്ടുള്ളവർ മലകയറാതിരിക്കുക എന്നതാണ് ആരോഗ്യ വകുപ്പ് നിർദേശിക്കുന്നത്.

സ്ഥിരമായി മരുന്ന് കഴിച്ചുകൊണ്ടിരിക്കുന്ന ആളുകൾ കൃത്യമായി മരുന്നുകൾ കഴിച്ചുകൊണ്ടു വേണം മലകയറാൻ. മലയ്ക്ക് പോകുന്നു എന്ന് പറഞ്ഞ് ഒരു കാരണവശാലും മരുന്നുകൾ ഒഴിവാക്കാനോ, ഡോസ് കുറയ്ക്കാനോ പാടില്ല. മരുന്നുകൾ കൃത്യമായ ഇടവേളകളിൽ ഡോക്ടർമാർ പറഞ്ഞത് അനുസരിച്ചു തന്നെ കൃത്യമായി കഴിച്ചുകൊണ്ടുവേണം ഇത്തരം ആളുകൾ മലകയറാൻ. ആയാസപ്പെട്ട് മലകയറേണ്ട ആവശ്യമില്ല. വളരെ സാവധാനത്തിൽ ശരീരത്തിന് ബുദ്ധിമുട്ട് ഇല്ലാത്തരീതിയിൽ വേണം മലകയറ്റം നടത്താൻ. എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടങ്കിൽ ആരോഗ്യ സംവിധാനവുമായി ബന്ധപ്പെടാൻ മറക്കരുത്. ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നവർ 24 മണിക്കൂറും പ്രവർത്തിക്കുന്ന എമർജൻസി മെഡിക്കൽ സെന്ററുകളുടെയോ, നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നീ ആശുപത്രികളുടേയോ സേവനം തേടണം. ഇവിടെ 24 മണിക്കൂറും

ഡോക്ടർമാരുടെയും ജീവനക്കാരുടെയും സേവനവും അവശ്യ സജ്ജീകരണങ്ങളും ആരോഗ്യവകുപ്പ് ഉറപ്പാക്കിയിട്ടുണ്ട്.

*(പി.ആർ. ശബരി-10)*


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

നവംബർ

NOVEMBER 17 2020



## ശബരിമല പത്രക്കുറിപ്പ്–3

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

**ശബരിമലയിലെ നാളത്തെ (18.11.20) ചടങ്ങുകൾ............**

5 മണിക്ക്.... തിരുനട തുറക്കൽ
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
7 മണി മുതൽ 11 മണി വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
8 മണി മുതൽ ഉദയാസ്തമന പൂജ
11.30 ന് 25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

*(പി.ആർ. ശബരി–11)*

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

**PRD LIVE**
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.